പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2521 **28-10-2026-ൽ മറുപടിയ്ക്ക്**

എസ്.സി പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പഞ്ചമി ഗ്രാമം പദ്ധതിയെ കുറിച്ചും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ നഗറുകളുടെ പട്ടികയും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും 15 കുടുംബങ്ങളിൽ താഴെ പട്ടികജാതി കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്നതും കുറഞ്ഞത് മൂന്ന് കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് പഞ്ചമി ഗ്രാമം പദ്ധതി. ഒരു സാമ്പത്തികവർഷം ഒരു നിയോജകമണ്ഡലത്തിൽ രണ്ട് ഗ്രാമങ്ങളെ ഉൾപ്പെടുത്തി ഓരോ ഗ്രാമത്തിനും പരമാവധി 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ടി പദ്ധതി പ്രകാരം അനുവദിക്കുന്നത്.

- സുരക്ഷിതമായ കുടിവെള്ളം
- വൈദ്യുതി
- മാലിന്യ നിർമ്മാർജ്ജനം
- റോഡ് കണക്റ്റിവിറ്റി
- ശുചിത്വ സൗകര്യങ്ങൾ
- ഇന്റർനെറ്റ് കണക്റ്റിവിറ്റി
- ഭവന നവീകരണം
- വീടുകളുടെ/നഗറുകളുടെ സംരക്ഷണ ഭിത്തി (അപകടാവസ്ഥയിലുള്ള സ്ഥിതിയിൽ മാത്രം)
- നഗറുകളിലെ പാരമ്പരാഗത ആരാധനാ ഇടങ്ങളുടെ പുനരുദ്ധാരണം

എന്നിങ്ങനെയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഉന്നതികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പഠന മുറി ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പഠന മുറി ധനസഹായം ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

മറുപടി: നിലവിൽ പരിഗണനയിലില്ല.

(സി) വിവാഹ ധനസഹായം, മിശ്ര വിവാഹ ധനസഹായം പദ്ധതികൾ പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള തുക വിതരണത്തിന് വലിയ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി ധനസഹായം യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: ഇല്ല. പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള തുക വിതരണത്തിന് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മുൻഗണന ക്രമത്തിൽ അപേക്ഷകൾക്ക് കൂടിശിക ധനസഹായം വിതരണം ചെയ്യുന്നതിനും കൂടാതെ, ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രത്യേക പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ